# 12. തെക്കേ ആഫ്രിക്ക

മനുഷ്യമനസ്സാക്ഷിയുടെ മുമ്പിൽ ഇന്നുള്ള വെല്ലുവിളികളിൽ പ്രധാനപ്പെട്ട ഒന്നാണ് തെക്കേ ആഫ്രിക്കയിലെ വെള്ള–വർഗവാദിഭരണകൂടം. അരക്കോടിയോളം വെള്ളക്കാർ തെക്കേ ആഫ്രിക്കയിൽ രണ്ടരക്കോടിയിലേറെ കറുത്തവരും മിശ്രവർഗക്കാരും ഏഷ്യക്കാരുമായ ജനങ്ങളെ ക്രൂരമായ ബലം പ്രയോഗിച്ച് അടക്കിഭരിക്കുന്നു. എന്നിട്ടും, തങ്ങളും ഒരു റിപ്പബ്ലിക് (ജനാധിപത്യം) ആണെന്ന് അവിടത്തെ ഭരണകൂടം അവകാശപ്പെടുകയുംചെയ്യുന്നു!

'അധികാരം വിട്ടൊഴിഞ്ഞു് ആത്മഹത്യയിലേക്ക് തെക്കേ ആഫ്രിക്കയിലെ വെള്ളക്കാരെയും മററ ന്യൂനപക്ഷങ്ങളെയും നയിക്കാൻ ഞാൻ തയ്യാറല്ല. വെള്ളക്കാരുടെ ആധിപത്യം അവസാനിക്കുന്ന നിമിഷത്തിൽ ഈ രാജ്യം ആഭ്യന്തരസമരത്തിലേക്കും അരാജകത്വത്തിലേക്കും ദാരിദ്ര്യത്തിലേക്കും വഴുതി വീഴും' എന്ന് തെക്കേ ആഫ്രിക്കയുടെ പ്രസിഡണ്ട് ബോത്ത ഈയിടെ പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ, തെക്കേ ആഫ്രിക്കയിലെ വെള്ളക്കാർക്കിടയിൽ ഒരു 'മിതവാദി' ആയാണ് ബോത്ത കണക്കാക്കപ്പെടുന്നതു്.

ആഫ്രിക്കൻവൻകരയുടെ തെക്കേ അററത്തു്, ഗുഡ്ഹോപ് മുനമ്പിന്റെ മൂന്നുവശങ്ങളിലായി, പതിനൊന്നര ലക്ഷത്തോളം ചതുരശ്രകിലോമീററർ വലിപ്പമുള്ള 'തെക്കേ ആഫ്രിക്ക' എന്ന റിപ്പബ്ലിക് സ്ഥിതിചെയ്യുന്നു. മുനമ്പിനടുത്തു്, ക്രിസ്തുവർഷം 1652–ൽ ഡച്ചുകാർ ഒരു കോളനി സ്ഥാപിക്കുംവരെ ഈ പ്രദേശത്തു ശിലായുഗസംസ്കാരം പുലർത്തിയിരുന്ന, വേട്ടക്കാരും കാലിവളർത്തലുകാരും കർഷകരുമായ പലതരം നീഗ്രോ വർഗങ്ങളാണ് പാർത്തിരുന്നതു്. പരമ്പരയായി കൈവശം വെച്ചുവന്നിരുന്ന പാർപ്പിടങ്ങളിൽനിന്ന് ഇവരെ തുരത്താനും, ബലം പ്രയോഗിച്ച് ഇവരെ അടിമകളാക്കാനും, എതിർക്കുന്നവരെ നിഷ്കരുണം വെടിവെച്ചുകൊല്ലാനും ഈ പ്രദേശത്തു കുടിയേറിയ ഡച്ചുകാർക്ക് ഒരു സങ്കോചവും തോന്നിയിരുന്നില്ല.

'യൂറോപ്പിന്റെ വികസനത്തിന്റെ ആദ്യഘട്ടത്തിൽ, ലോകത്തിൽ ഒരിടത്തും, യൂറോപ്പൊഴിച്ചുള്ള ഭൂഖണ്ഡങ്ങളിലെ ജനങ്ങൾക്ക്, യൂറോപ്യരുമായുള്ള സമ്പർക്കത്തിന്റെ ഫലമായി ഭൗതികമായി യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. മറിച്ച് ഭയങ്കരങ്ങളായ പീഡാനുഭവങ്ങൾ നേരിടുകയുംചെയ്തു എന്നതു് അമ്പരപ്പിക്കുന്ന ഒരു വസ്തുതയാകുന്നു. തൊട്ടതിനെയെല്ലാം നശിപ്പിക്കുന്ന ഒന്നായിരുന്നു യൂറോപ്യൻ സംസ്കാരം എന്ന പാഠമാണ് തെക്കേ ആഫ്രിക്കയിലെ ഹോട്ടൻ ടോട്ട് വർഗക്കാരുടെ വിധിയിൽനിന്നു നാം പഠിക്കുന്നതു്. ഇന്ത്യയും ചൈനയുംപോലെ പുരോഗമിച്ച പ്രാചീനസംസ്കാരങ്ങൾ ഇല്ലാതിരുന്ന ജനവർഗങ്ങളുടെ എല്ലാം വിധി ഇതായിരുന്നു.' (പെലിക്കൻ ലോകചരിത്രം, പേ. 631)

ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനി ഇന്ത്യയിൽ പിടിമുറുക്കിത്തുടങ്ങിയപ്പോൾ, ഗുഡ്ഹോപ് മുനമ്പ് തങ്ങളുടെ അധീനത്തിലായിരിക്കേണ്ടതു് യുദ്ധതന്ത്രപരമായി അനുപേക്ഷണീയമാണെന്ന് ഇംഗ്ലീഷുകാർ കണ്ടു. സൂയസ് തോട് അന്ന് ഇല്ലാതിരുന്നതിനാൽ, യൂറോപ്പിൽനിന്ന് ഏഷ്യയിലേക്കുള്ള ഏക സമുദ്രമാർഗം ഗുഡ്ഹോപ് മുനമ്പിന്റെ മൂക്കിനു കീഴിലൂടെയായിരുന്നു. ഡച്ചുകാരുമായി യൂറോപ്പിൽ നടന്നിരുന്ന യുദ്ധങ്ങളിൽ വിജയം വരിച്ചതിന്റെ ഫലമായി, ക്രിസ്തുവർഷം 1795–ൽ

ബ്രിട്ടൻ ആഫ്രിക്കയിലെ ഡച്ചുകാരുടെ ('ബൂവർ' എന്ന പേരിലാണ് ഇവർ അറിയപ്പെട്ടിരുന്നത്) കേയ്പ്പ് കോളനി കൈവശപ്പെടുത്തി. 1814—ൽ ഈ പ്രദേശം ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമാണെന്നു പ്രഖ്യാപിക്കുകയുംചെയ്തു. ഏതാനും ആയിരം ബ്രിട്ടീഷുകാർ അവിടെ കുടിയേറിപ്പാർത്തു. ബ്രിട്ടനിൽ അടിമത്തം നിയമപ്രകാരം നിരോധിക്കപ്പെട്ടപ്പോൾ, കേയ്പ്പ് കോളനിയിലെ ബൂവർമാർക്ക് മുപ്പത്തയ്യായിരത്തോളം നീഗ്രോ അടിമകളെ വിമോചിപ്പിക്കേണ്ടിവന്നു. ഇതിൽ അമർശംപൂണ്ട ബൂവർമാർ 1835—ൽ വലിയതോതിൽ വടക്കോട്ട് പ്രയാണമാരംഭിച്ചു. ഒറെഞ്ച് നദിക്ക് അപ്പുറത്തുള്ള നീഗ്രോകളെ ആട്ടിയോടിച്ച് ഇവർ സ്ഥാപിച്ച 'നാററാൽ റിപ്പബ്ലിക്' 1844—ൽ ബ്രിട്ടീഷുകാർ പിടിച്ചടക്കി. ബൂവർമാർ വീണ്ടും വടക്കോട്ടു നീങ്ങി. 18൦1—ൽ ട്രാൻസ്‌വാൾ, 1836—ൽ ഓറഞ്ച്—ഫ്രീസ്റ്റേററ് എന്നീ ബൂവർ റിപ്പബ്ലിക്കുകൾ നിലവിൽ വന്നു. നീഗ്രോകളെ രക്ഷിക്കാനാണെന്നും പറഞ്ഞ് ബ്രിട്ടീഷുകാർ ഈ റിപ്പബ്ലിക്കുകളിലേക്കും ബൂവർമാരെ പിന്തുടർന്നു ചെന്നു. ഇതിൻഫലമായി 1881—ൽ ബ്രിട്ടീഷുകാരും ബൂവർമാരും തമ്മിൽ യുദ്ധമുണ്ടായി.

ഇതിനിടയിൽ തെക്കേ ആഫ്രിക്കയിൽ വലിയതോതിൽ സ്വർണവും വജ്രവും ഉള്ളതായി കാണപ്പെട്ടു. 1880 മുതൽ 1900 വരെയുള്ള ഇരുപതു വർഷങ്ങളിൽ മററു യൂറോപ്യൻശക്തികളും ആഫ്രിക്കയിലേക്ക് ഇരച്ചുകയറുകയും, ആ ഭൂഖണ്ഡത്തെ തങ്ങൾക്കിടയിൽ പങ്കുവയ്ക്കുകയും, തോക്കും തീയും ഉപയോഗിച്ച് ആഫ്രിക്കൻജനതകളെ കാൽക്കീഴിലാക്കുകയും, അവരുടെ കൃഷിയിടങ്ങൾ ബലാല്ക്കാരമായി പിടിച്ചടക്കുകയും ചെയ്തു. 1899മുതൽ 1902വരെ ബ്രിട്ടീഷുകാരും ബൂവർമാരും തമ്മിൽ മറെറാരു യുദ്ധം നടന്നു. രണ്ടരലക്ഷം ബ്രിട്ടീഷ് പട്ടാളക്കാർ ഈ യുദ്ധത്തിൽ പങ്കെടുത്തു. ബൂവർമാർ ഈ യുദ്ധത്തിൽ തോററു. അവരുടെ റിപ്പബ്ലിക്കുകൾ ബ്രിട്ടന്റെ കീഴിലായി.

ബ്രിട്ടനുമായി ഇണങ്ങിയും പിണങ്ങിയും സഹവർത്തിച്ചും കഴിഞ്ഞ പത്തൊമ്പതാം നൂററാണ്ടിലാണ് ബൂവർ(ആഫ്രിക്കാനർ)മാരുടെ സവിശേഷ ലോകവീക്ഷണം രൂപംകൊണ്ടത്. ഭരണപരമായി തങ്ങളുടെ കീഴിലുള്ള തെക്കേ ആഫ്രിക്കയിലെ വെള്ളക്കാരിൽ ഭൂരിപക്ഷം ബൂവർമാർക്കാകയാൽ, അവർക്കു വലിയ തോതിൽ സ്വയംഭരണം പിന്നീട് ബ്രിട്ടൻ അനുവദിച്ചുകൊടുക്കേണ്ടിവന്നു. 1906—ൽ ട്രാൻസ്‌വാൾ സംസ്ഥാനത്തിൽ 'ഉത്തരവാദഭരണം' സ്ഥാപിക്കപ്പെട്ടപ്പോൾ, മുമ്പ് അങ്ങോട്ടു കൂലിക്കാരായി കൊണ്ടുവരപ്പെട്ടിരുന്ന ഇന്ത്യാക്കാർക്കെതിരെ ബൂവർമാർ നിയമനിർമാണം ആരംഭിച്ചു. ഈ നിയമങ്ങൾ റദ്ദാക്കിക്കിട്ടുന്നതിനുള്ള സമരങ്ങൾ സംഘടിപ്പിച്ചുകൊണ്ടാണ് മഹാത്മാഗാന്ധി ലോകശ്രദ്ധ ആകർഷിച്ചത്. 1893—ാമാണ്ടിൽ തെക്കേ ആഫ്രിക്കയിലെത്തിയ ഗാന്ധിജി ഇരുപത്തൊന്നു വർഷം അവിടെ പാർക്കുകയുണ്ടായി.

ഗാന്ധിജിയുടെ സത്യാഗ്രഹപ്രസ്ഥാനംകൊണ്ട് തെക്കേ ആഫ്രിക്കയിലെ ഇന്ത്യക്കാരുടെ അവശതകൾക്കു ശാശ്വതപരിഹാരം കൈവന്നില്ല. തദ്ദേശീയ നീഗ്രോവിഭാഗത്തിന്റെ അവശതകളുടെ പരിഹാരത്തെപ്പററിയാകട്ടെ അന്ന് ആരും ചിന്തിക്കുകപോലുംചെയ്തിരുന്നില്ല. 1909—ൽ ദക്ഷിണാഫ്രിക്കയ്ക്കു മുഴുവനുമായി ഒരു ഭരണഘടന നിലവിൽ വന്നപ്പോൾ, വടക്കുള്ള 'ബൂവർ' സംസ്ഥാനങ്ങളിൽ വെള്ളക്കാർക്കു മാത്രമേ വോട്ടവകാശം നൽകപ്പെട്ടുള്ളു. (തെക്കുള്ള ബ്രിട്ടീഷ് സംസ്ഥാനങ്ങളിൽ കറുത്തവർക്കും പരിമിതമായ പൗരാവകാശങ്ങൾ അന്നുണ്ടായിരുന്നു; ഇവ പിന്നെപ്പിന്നെ നഷ്ടപ്പെട്ടു.) ദക്ഷിണാഫ്രിക്കയിലെ നീഗ്രോവർഗങ്ങ

ളിൽ പലതും കാലക്രമേണ കുററിയററുപോയി. ചിലതു്, ബ്രിട്ടീഷുകാർ നൽകിയ സംരക്ഷണംമൂലം ഇരുപതാംനൂററാണ്ടിലേക്കു തുടർന്നു ജീവിച്ചു. പാരമ്പര്യത്തിലൂന്നി, വെള്ളക്കാരുമായുള്ള സമ്പർക്കം പരമാവധി കുറച്ചു്, അകന്നു് ഒതുങ്ങിക്കഴിഞ്ഞുകൂടിയ ഇവരുടെ ജീവിതത്തിൽ വളരെ പതുക്കെ മാത്രമേ മാററ വന്നുള്ളു. അവരുടെ ഫലപുഷ്ടിയുള്ള കൃഷിഭൂമികൾ മുഴുവൻ വെള്ളക്കാർ പിടിച്ചെടുത്തു. അടിമത്തം നിയമപ്രകാരം നിരോധിക്കപ്പെട്ടപ്പോഴും അവർ അടിമകളായി തുടർന്നു. വെള്ളവർഗക്കാരുടെ കൈയിലായിരുന്നു അവരുടെ ഭാഗധേയം.

ഒന്നാം മഹായുദ്ധത്തിൽ ദക്ഷിണാഫ്രിക്ക ബ്രിട്ടന്റെ ഭാഗത്തു ചേർന്നു പോരാടി. എങ്കിലും, ആ യുദ്ധത്തിനുശേഷം ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കും ബ്രിട്ടനും തമ്മിലുള്ള ബന്ധവിച്ഛേദം ആരംഭിച്ചു. രണ്ടാം മഹായുദ്ധത്തിലും ദക്ഷിണാഫ്രിക്കൻ ഗവണ്മെന്റ് ബ്രിട്ടനെ അനുകൂലിച്ചെങ്കിലും, പല ബൂവർ നേതാക്കളുടെയും അനുഭാവം ജർമനിയോടായിരുന്നു. നാത്സികളുടെ വർഗവാദം ബൂവർമാർക്കും പഥ്യമായിരുന്നു. ഈ നാത്സി—അനുകൂലനേതാക്കന്മാരിലൊരാൾ 1948—ൽ തെക്കേ ആഫ്രിക്കയുടെ പ്രധാനമന്ത്രിപദത്തിലെത്തുകകൂടി ഉണ്ടായി. 1961—ൽ ബ്രിട്ടീഷ് സാമ്രാജ്യത്തിൽനിന്നു് തെക്കേ ആഫ്രിക്ക പൂർണമായും വിട്ടുപോന്നു.

ബ്രിട്ടീഷ് ബന്ധം കുറയുന്നതോതിനു് തെക്കേ ആഫ്രിക്കയിൽ ബൂവർ(ആഫ്രിക്കാനർ)മാരുടെ ശക്തി രാഷ്ട്രീയ—സാമ്പത്തിക രംഗങ്ങളിൽ ഏറിവന്നു. ഇവരുടെ ജീവിതദർശനമാണു് 'അപ്പാർത്തു് ഹൈഡ്.' അകന്നു്, വേർതിരിഞ്ഞുനിൽക്കൽ എന്നാണു് ആ വാക്കിനു് അർത്ഥം. വെള്ളക്കാരും അല്ലാത്തവരും (ഇതിൽ മിശ്രവർഗക്കാരും ആഫ്രിക്കയിലെ നീഗ്രോവർഗക്കാരും ഏഷ്യക്കാരും ഉൾപ്പെടും) ഈശ്വരന്റെ രണ്ടു വ്യത്യസ്ത സൃഷ്ടികളാണു്. അവർ തമ്മിൽ വംശപരമായി കൂടിക്കലർന്നുകൂടാ. തെക്കേ ആഫ്രിക്കയിൽ ഭരണാധികാരം വെള്ളക്കാർക്കു മാത്രമായിരിക്കണം. വെള്ളക്കാർ പാർക്കുന്ന സ്ഥലങ്ങളിൽ മററുള്ളവർ പാർക്കരുതു്. മററുള്ളവർക്കു് വെള്ളക്കാരുടെ ഫാക്ടറികളിലും കൃഷിയിടങ്ങളിലും ഖനികളിലും പണിയെടുക്കാം. പക്ഷേ, പണികഴിഞ്ഞാൽ അവർ തങ്ങളുടെ ചേരികളിലേക്കു തിരിച്ചുപോകണം. ഈ ചേരികളിൽ മിശ്രവർഗക്കാരും ഏഷ്യക്കാരും നീഗ്രോകളും വേർതിരിഞ്ഞു പാർക്കണം. ചേരികൾക്കു വലിയ ഒരളവോളം സ്വയംഭരണാവകാശമുണ്ടാകും. തങ്ങളുടെ ഭരണകർത്താക്കളെ അവർക്കു തെരഞ്ഞെടുക്കാം. പക്ഷേ, ഇവരുടെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലെ അംഗങ്ങൾക്കു് പലപ്പോഴും ഉപദേശകർ എന്ന നിലയേ ഉണ്ടാവൂ. വെള്ളക്കാരല്ലാത്തവരുടെ സിവിൽ—ക്രിമിനൽ നിയമങ്ങളും കോടതികളും വേറെയായിരിക്കും. അവരുടെ പള്ളികളും വേറെതന്നെ. വിദ്യാഭ്യാസം വെള്ളക്കാരല്ലാത്തവർക്കു വേർതിരിച്ചു നൽകും. തെക്കേ ആഫ്രിക്കയിൽ വെള്ളക്കാരല്ലാത്തവർക്കും പോലീസുദ്യോഗം കിട്ടും. പക്ഷേ, പട്ടാളത്തിൽ വെള്ളക്കാരെ മാത്രമേ എടുക്കൂ. അപ്പാർത്തു് ഹൈഡിന്റെ പ്രായോഗികരൂപം ഏതാണ്ടിങ്ങനെയൊക്കെയാണു്.

1970—ൽ തെക്കേ ആഫ്രിക്കയിലെ വെള്ളവർഗാധിപത്യത്തിന്നെതിരെ അവിടത്തെ നീഗ്രോകൾ സംഘടിച്ചുതുടങ്ങി. അയൽരാജ്യമായ 'റോഡേഷ്യ'യെന്ന ബ്രിട്ടീഷ് കോളനിയിലെ കറുത്ത വർഗക്കാർ ന്യൂനപക്ഷമായ വെള്ളക്കാർക്കുമേൽ രാഷ്ട്രീയമായി വിജയം നേടിയതും, റോഡേഷ്യ 'സിംബാബ്വേ' എന്ന നീഗ്രോ റിപ്പബ്ലിക് ആയി മാറിയതും ദക്ഷിണാഫ്രിക്കയിലെ നീഗ്രോകളെ ആവേശഭരിതരാക്കി. 'ആഫ്രി

ക്കൻ നാഷണൽ കോൺഗ്രസ്'' എന്ന കറുത്തവർഗക്കാരുടെ സംഘടന ഈ ചുററുപാടിൽ ശക്തിയാർജിച്ചു.

ഈ സംഘടനയുടെ അനിഷേധ്യ നേതാവാണ് ഇപ്പോൾ അറുപത്താറു വയസ്സു പ്രായമുള്ള നെൽസൻ മാൻഡേല. 1962 മുതൽ മാൻഡേല വെള്ളക്കാരുടെ ജയിലിലാണ്. ജീവപര്യന്തം തടവാണ് 1964-ൽ മാൻഡേലയ്ക്കു് വെള്ളഭരണകൂടം കല്പിച്ച ശിക്ഷ. ഒരു അക്രമിസംഘം എന്ന നിലയിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് നിരോധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, തെക്കേ ആഫ്രിക്കയ്ക്കാകെ ഒരൊററ ഭരണകൂടവും, ആ ഭരണകൂടത്തിനു കീഴിൽ വെള്ളക്കാരടക്കം എല്ലാ ജനവർഗ്ഗങ്ങൾക്കും തുല്യമായ അവകാശങ്ങളും നേടിയെടുക്കുക എന്നതുമാത്രമാണ് ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെയും മാൻഡേലയുടെയും ലക്ഷ്യം. കാൽനൂററാണ്ടോളംകാലമായി ജയിലിൽ കഴിഞ്ഞുകൂടുന്ന മാൻഡേല ഇപ്പോൾ ലോകമെങ്ങുമുള്ള കറുത്ത വർഗക്കാരുടെ സ്വാതന്ത്ര്യവാഞ്ഛയുടെയും, അനീതിക്കെതിരെയുള്ള അവരുടെ ചെറുത്തുനില്പിന്റെയും പ്രതീകമായി തീർന്നിട്ടുണ്ട്. മാൻഡേലയുടെ പത്നി വിന്നിയ്ക്കും ജയിൽവാസവും നാടുകടത്തലും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. 1982 വരെ റോബൻ ദ്വീപിലും അതിനുശേഷം കേയ്പ്പ് ടൌണിനടുത്ത് പോൾസ്മൂർ ജയിലിലും അന്യായമായി തടങ്കലിൽവെക്കപ്പെട്ടിരിക്കുന്ന ഭർത്താവിനെ മോചിപ്പിക്കുന്നതിനുള്ള വിന്നിയുടെ സമരം ഇന്ന് ലോകപ്രസിദ്ധമായിരിക്കുന്നു. മാൻഡേല നിലകൊള്ളുന്നതു നിഷേധിക്കാനാവാത്ത നീതിക്കുവേണ്ടിയാണെന്ന ബോധ്യം സംസ്കാരസമ്പന്നരായ എല്ലാ വെള്ളക്കാർക്കും ഇന്ന് ഉളവായിട്ടുണ്ട്.

ഇപ്പോൾ 'ട്രാൻസ്കൈ' എന്നു വിളിക്കപ്പെടുന്ന ഒരു നീഗ്രോ ചേരിയിലാണ് 1918-ൽ നെൽസൻ മാൻഡേല ജനിച്ചതു്. ഈ ചേരിപ്രദേശത്തിന് തെക്കേ ആഫ്രിക്കൻ ഗവണ്മെൻറ് 1976 ൽ 'സ്വയംഭരണം' നൽകിയിട്ടുണ്ട്. ഈ പ്രദേശത്തുചെന്ന്, അവിടത്തെ പൗരത്വംകൊണ്ടു തൃപ്തിപ്പെട്ട് അടങ്ങിയൊതുങ്ങി പാർക്കാമെങ്കിൽ നെൽസൻ മാൻഡേലയെ ജയിലിൽനിന്നു വിടാമെന്ന് 1970-മുതൽ തെക്കേ ആഫ്രിക്കയിലെ ഗവണ്മെൻറ് പറഞ്ഞുതുടങ്ങിയതാണ്. പക്ഷേ, താൻ തെക്കേ ആഫ്രിക്കയിലെ പൗരനാണെന്നും, ആ രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും സമപൗരത്വം നേടുന്നതിനുവേണ്ടിയുള്ള പ്രയത്നം താൻ ഉപേക്ഷിക്കുകയില്ലെന്നുമാണ് മാൻഡേലയുടെ ഉറച്ച നിലപാട്.

തന്റെ ലക്ഷ്യം നേടാനായി അക്രമമാർഗം ഉപയോഗപ്പെടുത്തുകയില്ലെന്നു പ്രഖ്യാപിച്ചാൽ മാൻഡേലയെ ജയിലിൽനിന്നു വിടാമെന്ന് ഈ വർഷം ആദ്യത്തിൽ തെക്കേ ആഫ്രിക്കൻ റിപ്പബ്ലിക്കിന്റെ പ്രസിഡണ്ട് ബോത്ത പ്രഖ്യാപിക്കുകയുണ്ടായി. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് നിരോധിക്കപ്പെട്ടിരിക്കുകയാണ്. അക്രമത്തിൽ വിശ്വസിക്കുന്ന പലരും ആ സംഘടനയിലുണ്ട് എന്നതും ഒരു വസ്തുതയാണ്. അക്രമമാർഗം ഉപേക്ഷിച്ചതായി മാൻഡേല പ്രഖ്യാപിക്കുന്നതിനർത്ഥം ആ സംഘടന പിളരുക എന്നതായിരിക്കും.

ബോത്തയുടെ പ്രഖ്യാപനത്തിന് മാൻഡേല നൽകിയ മറുപടി അദ്ദേഹത്തിന്റെ രാഷ്ട്രീയപക്വതയ്ക്കു തെളിവാണ്. മാൻഡേല പറഞ്ഞു: 'അപ്പാർത്തു് ഹൈഡ് സംവിധാനം പൊളിച്ചുകളയുമെന്ന് ആദ്യം ബോത്ത പ്രഖ്യാപിക്കട്ടെ. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് എന്ന ജനകീയസംഘടനയുടെമേലുള്ള നിരോധനം അദ്ദേഹം പിൻവലിക്കട്ടെ. അപ്പാർത്ത് ഹൈഡിനെ എതിർത്ത കുററത്തിന് ജയിലിലിട്ടവരെയെല്ലാം ബോത്ത വിട്ടയയ്ക്കട്ടെ. നാടുകടത്തിയവരെ തിരികെക്കൊണ്ടുവരട്ടെ.

എന്റെ സ്വാതന്ത്ര്യം എനിക്കു വിലപ്പെട്ടതാണ്; പക്ഷേ, എന്റെ ജനങ്ങളുടെ സ്വാതന്ത്ര്യമാണ് എനിക്കു കൂടുതൽ വിലപ്പെട്ടത്.'

തെക്കേ ആഫ്രിക്കയുടെ ഭരണഘടനപ്രകാരം അവിടത്തെ കേന്ദ്ര അസംബ്ലിയിലും സംസ്ഥാന നിയമസഭകളിലും വെള്ളക്കാർക്കു മാത്രമേ അംഗത്വവും വോട്ടവകാശവുമുള്ളു. അറുപതു് അംഗങ്ങളുള്ള ഒരു കൗൺസിൽ കേന്ദ്രത്തിൽ പ്രസിഡണ്ടിനെ ഉപദേശിക്കാനുണ്ടു്. ഇതിലെ അംഗങ്ങൾ പ്രസിഡണ്ടു് നോമിനേറ്റ്ചെയ്യുന്ന വെള്ള—മിശ്ര—ഇന്ത്യൻ—ചൈനീസ് പ്രതിനിധികളാണ്. ഇതുപോലെ കറുത്തവർഗക്കാരടങ്ങിയ മററൊരു ഉപദേശകകൗൺസിലും ഉണ്ടാവും. ഉപദേശിക്കാനല്ലാതെ, മററാരധികാരവും ഈ കൗൺസിലുകൾക്കു് ഇല്ല. ഇവരുടെ ഉപദേശം പ്രസിഡണ്ടു് കൈക്കൊണ്ടുകൊള്ളണമെന്നില്ല.

തെക്കേ ആഫ്രിക്കയ്ക്കകത്തു്, കറുത്തവർഗക്കാർ പാർക്കുന്ന ചേരി പ്രദേശങ്ങൾക്കായി ഏഴു് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ 1968—ൽ നിലവിൽവന്നു. (ഇന്ത്യയിൽ മുമ്പുണ്ടായിരുന്ന നാട്ടുരാജ്യങ്ങളോടു് ഇവയെ ചില കാര്യങ്ങളിൽ ഉപമിക്കാം) 1971—ൽ 'ബാന്റ് ഹോം ലാൻഡ്സ് ആക്ട്' വഴി ഇവയ്ക്കു് ചില അധികാരങ്ങൾകൂടി നൽകി. എങ്കിലും, പരിമിതമായ അധികാരങ്ങൾ മാത്രമേ ഇപ്പോഴും ഇവയ്ക്കുള്ളു.

1884—ൽ ജർമ്മൻകാർ പിടിച്ചടക്കിയതും, തെക്കേ ആഫ്രിക്കയോടു് ചേർന്നുകിടക്കുന്നതുമായ ഒരു പ്രദേശമാണ് നമീബിയ. ഒന്നാം മഹായുദ്ധത്തിൽ തോററ ജർമ്മനി ഈ പ്രദേശം തെക്കേ ആഫ്രിക്കയ്ക്കു വിട്ടുകൊടുത്തു. 1920—ൽ ലീഗ് ഓഫ് നേഷൻസ് ഒരു നിശ്ചിതകാലത്തേക്കു് ഈ പ്രദേശം ഭരിക്കാനുള്ള ചുമതല (മാൻഡേററ്) തെക്കേ ആഫ്രിക്കയ്ക്കു നൽകി. എന്നാൽ, നിശ്ചിതകാലാവധി കഴിഞ്ഞിട്ടും അവിടം വിട്ടൊഴിയാൻ തെക്കേ ആഫ്രിക്ക വിസമ്മതിച്ചപ്പോൾ, നമീബിയയിൽ തെക്കേ ആഫ്രിക്കയുടെ സാന്നിദ്ധ്യം നിയമവിരുദ്ധമാണെന്നു് 1971—ൽ അന്താരാഷ്ട്രീയ കോടതി വിധിച്ചു. 1978 ഡിസംബർ 31—നു് നമീബിയ സ്വതന്ത്രരാജ്യമാവുമെന്നു് ഐക്യരാഷ്ട്രസംഘടനയും പ്രഖ്യാപിച്ചു. പക്ഷേ, ഐക്യരാഷ്ട്രസംഘടനയെ ഇടപെടുവിക്കാതെ, നമീബിയയിലെ ഭരണനിർമാണസമിതിയിലേക്കു് '78—ൽ ഒരു തെരഞ്ഞെടുപ്പുപ്രഹസനം നടത്തുകയാണു് തെക്കേ ആഫ്രിക്കൻ ഗവണ്മെൻറ് ചെയ്തതു്. നമീബിയയിലെ ജനകീയസംഘടനയായ 'സൗത്ത് വെസ്റ്റ് ആഫ്രിക്ക പീപ്പിൾസ് ഓർഗനൈസേഷൻ' (സ്വാപോ) ഈ തെരഞ്ഞെടുപ്പു് ബഹിഷ്കരിച്ചു. ഈ തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്ന ഭരണഘടനാ നിർമാണസഭയെ ഐക്യരാഷ്ട്രസമിതിയും അംഗീകരിച്ചില്ല. നമീബിയയെ തങ്ങളുടെ കോളനിയാക്കി ബലം പ്രയോഗിച്ചു് ഭരിക്കുകയാണു് ഇപ്പോൾ തെക്കേ ആഫ്രിക്ക.

ഈ ധിക്കാരത്തിനും മനുഷ്യമനസ്സാക്ഷിയെ നടുക്കുന്ന വർഗഭേദനയം (അപ്പാർത്ത് ഹൈഡ്) നിലനിർത്തുന്നതിനും തെക്കേ ആഫ്രിക്കയിലെ വെള്ള ഗവണ്മെൻറിനെ ഐക്യരാഷ്ട്രസംഘടന കൂട്ടിൽ കയററിയിരിക്കുന്നു. തെക്കേ ആഫ്രിക്കൻ ഗവണ്മെൻറിനെതിരെ സാംസ്കാരികവും സാമ്പത്തികവുമായ ബഹിഷ്കരണനയം, ഐക്യരാഷ്ട്രസംഘടന നടപ്പിൽ വരുത്തിയിരിക്കുകയാണു്. പക്ഷേ, അമേരിക്ക, ബ്രിട്ടൻ, ഇസ്രായേൽ എന്നീ രാജ്യങ്ങളുടെ സഹായത്തോടെ, ഐക്യരാഷ്ട്രസമിതിയെ അവഗണിക്കുവാൻ ഇന്നോളം തെക്കേ ആഫ്രിക്കയിലെ വർഗഭേദ സർക്കാരിനു കഴിഞ്ഞിട്ടുണ്ടു്.

ഈ കഴിവു് എത്രകാലത്തേക്കുണ്ടാവും? അഗാധമായ ഒരു സാമ്പത്തിക പ്രതിസന്ധിയിലാണു് ഇപ്പോൾ തെക്കേ ആഫ്രിക്കയിലെ ഗവണ്മെ

ന്റ്. സാമ്പത്തികസഹായത്തിനുവേണ്ടി അവർ എല്ലാ വാതിലുകളിലും ചെന്നുമുട്ടുകയാണ് ഇപ്പോൾ. അതോടെ, രാഷ്ട്രീയമായ അസ്വാസ്ഥ്യം കററിക്കാട്ടിലെ തീ പോലെ, തെക്കേ ആഫ്രിക്കയിലെ കറുത്തവർഗക്കാർക്കിടയിൽ പരന്നിരിക്കുന്നു. ആഫ്രിക്കൻ ഗോത്രവർഗങ്ങൾക്ക് തമ്മിൽത്തമ്മിലും, ആഫ്രിക്കൻ ഗോത്രവർഗ്ഗക്കാരും ഏഷ്യൻ വർഗ്ഗക്കാരും തമ്മിലുമുള്ള ആഭ്യന്തരകലഹങ്ങളെ ഊട്ടിവളർത്തി, തങ്ങളേക്കാൾ അഞ്ചിരട്ടിയിലേറെ വരുന്ന കറുത്തജനവർഗങ്ങളെ അടിച്ചമർത്തി വർഗ്ഗഭേദഭരണം തുടർന്നും നിലനിർത്താമെന്നാണ് തെക്കേ ആഫ്രിക്കയിലെ ആഫ്രിക്കാനർ(വെള്ള)വർഗക്കാർ ഇപ്പോഴും ആശിക്കുന്നത്...

എത്ര കാലത്തേക്ക്? ഈ അനീതി ഇനിയും എത്ര കാലത്തേക്ക്?

4 സെപ്റ്റംബർ 1985

## 13. ഒളിമ്പിക്സിനെപ്പററി കാസ്ട്രോ

അമേരിക്കയിലെ ലോസ് ആഞ്ജലസ് നഗരത്തിൽ കഴിഞ്ഞ ആണ്ടിൽ (1984) നടന്ന ഒളിമ്പിക് ഗെയിംസിൽ സോവിയററ് യൂണിയനും മററു കമ്യൂണിസ്റ്റ് രാജ്യങ്ങളും പങ്കെടുക്കുകയുണ്ടായില്ല. അതിനു മുമ്പ്, 1980–ൽ സോവിയററ് റഷ്യയിലെ മോസ്കോയിൽ നടന്ന ഒളിമ്പിക്സ് അമേരിക്കയും ബഹിഷ്കരിച്ചിരുന്നു. അടുത്ത ഒളിമ്പിക്സ് തെക്കേ കൊറിയയിലെ സിയൂൾ നഗരത്തിൽവെച്ച് 1988–ൽ നടത്താനാണു പരിപാടി. അമേരിക്കയേക്കാളേറെ കമ്യൂണിസ്റ്റ്‌വിരോധം പുലർത്തുന്ന ഒരു രാജ്യമാണ് തെക്കൻ കൊറിയ. ആ രാജ്യത്തിന്റെ തലസ്ഥാനത്തിൽ നടക്കുന്ന ഒളിമ്പിക്സിൽ കമ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ പങ്കെടുക്കുമോ? ഇല്ലെങ്കിൽ, ലോകത്തിലെ പകുതിയോളം ജനങ്ങൾ പങ്കെടുക്കാത്ത ഒളിമ്പിക്സിന് വലിയ ഒരു കായികമേളയെന്നതിൽ കവിഞ്ഞു് വല്ല പ്രാധാന്യവും ഉണ്ടാവുമോ?

ഇന്നു ജീവിച്ചിരിക്കുന്ന കമ്യൂണിസ്റ്റ് നേതാക്കളിൽ ഏററവുമധികം ഊർജസ്വലനും സ്പഷ്ടവാദിയും തന്മൂലം ശ്രദ്ധേയനുമാണ് ക്യൂബയിലെ പ്രസിഡണ്ടായ ഫിദേൽ കാസ്ട്രോ. മൂന്നാം ചേരിയിൽപ്പെട്ട രാഷ്ട്രങ്ങളുടെ മുന്നണിനേതാക്കളിലൊരാളുമാണ് അദ്ദേഹം. അമേരിക്കയിലെ ഒരു കോൺഗ്രസ് അംഗമായ മെർവിൻ ഡൈമല്ലി, പ്രൊഫസർ ജെഫ്രി എലിയട്ട് എന്നിവരുമായി 1985 മാർച്ചിൽ നടത്തിയ കൂടിക്കാഴ്ചയിൽ ഒളിമ്പിക്സിന്റെ പ്രശ്നങ്ങളെപ്പററി കാസ്ട്രോ ദീർഘമായി ചർച്ചചെയ്യുകയുണ്ടായി. ലോകത്തിലെങ്ങുമുള്ള സ്പോർട്സ് പ്രണയികളുടെ ശ്രദ്ധയ്ക്കു വിഷയമാകേണ്ട ഈ ചർച്ച നമ്മുടെ ഒരു പത്രത്തിലും റിപ്പോർട്ടുചെയ്തു കണ്ടില്ല. ക്യൂബയിലെ 'ഗ്രാൻമ' പത്രത്തിന്റെ ജൂലൈ 21 ലക്കത്തിൽ ഈ കൂടിക്കാഴ്ചയുടെ പൂർണവിവരങ്ങൾ ചേർത്തിരുന്നു. സിയൂൾ ഒളിമ്പിക് ഗെയിംസിനെപ്പററിയും, ഒളിമ്പിക് പ്രസ്ഥാനത്തെപ്പററി പൊതുവെയും, കാസ്ട്രോ ഈ കൂടിക്കാഴ്ചയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ കേരളത്തിലെ സ്പോർട്സ് തൽപരരുടെ അറിവിനായി ഇവിടെ സംക്ഷേപിച്ചു ചേർക്കുന്നു.

കൊറിയ ഒരു വിഭക്തരാഷ്ട്രമാണല്ലോ. വടക്കേ കൊറിയ കമ്യൂണിസ്റ്റ്‌രാഷ്ട്രമാണ്; തെക്കേ കൊറിയ കമ്യൂണിസ്റ്റ്‌വിരുദ്ധവും. ഒളിമ്പിക്സ് പോലെയുള്ള സാംസ്കാരികപ്രവർത്തനങ്ങൾ സർക്കാരിന്റെ